**ST. THOMAS COLLEGE, RANNI**

# NATIONAL CADET CORPS (NCC)
# NCC-III COY, 14(K)BN

| | |
|---|---|
| Name of the Activity | **Covid Prevention and control measures** |
| Academic year | 2020-2021 |
| Organizing / Collaborating agency | NCC Cadets and Kerala State Police Force |
| Beneficiaries | Public |
| Duration | 13.05.2021 – 31.05.2021 (18days) |
| No. of Staff | 01 |
| No. of Students | 09 |



ഇട്ടിയപ്പാറ സെൻട്രൽ ജംക്‌ഷനിൽ വാഹനങ്ങൾ പൊലീസ് പരിശോധിക്കുന്നു.

## നിരത്തിൽ ഇറങ്ങിയവർക്കെതിരെ പിടിമുറുക്കി പൊലീസ്

റാന്നി • ഒരാഴ്ചത്തെ ഇടവേളയ്ക്കു ശേഷം ഇന്നലെ ജനം കൂടുതലായി നിരത്തുകളിൽ ഇറങ്ങിയത് പൊലീസുകാർക്ക് പൊല്ലാപ്പായി. വാഹന പരിശോധനകൾ കടുപ്പിച്ചു. അനാവശ്യമായി ഇറങ്ങുന്നവരെ താക്കീത് ചെയ്തു. ലോക്ഡൗണിൽ പൊലീസ് പിടിമുറുക്കി.

ലോക്ഡൗൺ ആരംഭിച്ച ശേഷം കാര്യമായ വാഹന, ജനത്തിരക്ക് നിരത്തുകളിൽ പ്രകടമായിരുന്നില്ല. റാന്നി, പെരുനാട്, വെച്ചൂച്ചിറ പൊലീസ് സ്റ്റേഷനുകളിൽ നിന്ന് കാര്യമായ ഇടപെടൽ നടത്തിയിരുന്നു. പിന്നീട് എൻസിസി കെഡറ്റുകളും അഗ്നിരക്ഷാസേനാ വൊളന്റിയർമാരും പൊലീസിനെ സഹായിക്കാനെത്തിയിരുന്നു.

ടൗണുകളിലെ പ്രധാന പോയന്റുകളിൽ പൊലീസ് പിക്കറ്റുകളുണ്ട്. അവിടങ്ങളിൽ കാര്യക്ഷമമായി പൊലീസ് പരിശോധന നടത്തുന്നുണ്ട്. സത്യവാങ്മൂലം പരിശോധിച്ചാണ് വാഹനങ്ങളെല്ലാം കടത്തി വിടുന്നത്. എന്നിട്ടും ജനത്തിരക്ക് കുറയുന്നില്ല.

റാന്നി താലൂക്കിൽ റാന്നി, അങ്ങാടി, പഴവങ്ങാടി, വെച്ചൂച്ചിറ, നാറാണംമൂഴി, പെരുനാട്, വടശേരിക്കര എന്നീ പഞ്ചായത്തുകളിൽ കോവിഡ് ബാധിതരുടെ എണ്ണം ദിവസമെന്നോണം വർധിക്കുകയാണ്. ഇതിനിടെയാണ് അനിയന്ത്രിതമായി ജനം നിരത്തുകളിൽ ഇറങ്ങുന്നത്. ഇത് കോവിഡ് വ്യാപനം രൂക്ഷമാകാൻ ഇടയാക്കുമെന്ന് പരാതിയുണ്ട്.

Media Report on 18.05.2021

Mathrubhumi
മാതൃഭൂമി

# പരിശോധനയ്ക്ക് പോലീസിനൊപ്പം എൻ.സി.സി.കേഡറ്റുകളും



റാന്നി ഇട്ടിയപ്പാറയിൽ പോലീസിനൊപ്പം വാഹനപരിശോധന നടത്തുന്ന എൻ.സി.സി.കേഡറ്റുകൾ

**റാന്നി** ▸ ലോക്ഡൗൺ നാളുകളിൽ നിരത്തിലിറങ്ങുന്ന വാഹനങ്ങൾ പരിശോധിക്കാൻ പോലീസിനെ സഹായിക്കാൻ എൻ.സി.സി.കേഡറ്റുകളും. റാന്നി സെൻറ് തോമസ് കോളേജിൽനിന്നുള്ള ഏഴ് കേഡറ്റുകളും റാന്നി സ്വദേശികളായ മരിയൻകോളേജിൽ നിന്നുള്ള രണ്ടുപേരുമാണ് നിരത്തിലുള്ളത്.

രാവിലെ 8.30 മുതൽ 12.30 വരെയും തുടർന്ന് 5.30 വരെയും രണ്ട് ഷിഫ്റ്റുകളായി ഇവർ ഇട്ടിയപ്പാറയിലുണ്ട്.

ക്യാപ്റ്റൻ ജോൺ മാത്യു, ഹവിൽദാർ വാസുദേവ്, സീനിയർ കേഡറ്റുകളായ എ.വിനായക്,പി.വി.അനന്ദു,ആദിത്യ സുനിൽകുമാർ,എസ്.അപർണ എന്നിവരുടെ നേതൃത്വത്തിൽ കേഡറ്റുകൾ റാന്നി ഇട്ടിയപ്പാറയിൽ പോലീസിനൊപ്പമുണ്ട്.കൂടാതെ പി.എ.ആകാശ്,നതേൽ എ.തോമസ്,അലിന കെ.തോമസ്,അലീന ലിജോ,സോണി പി.മാത്യു എന്നിവരാണ് സംഘത്തിലുള്ളത്.

രാവിലെ നാല് വിദ്യാർഥിനികളടക്കം അഞ്ചുപേരും തുടർന്നുള്ള ഷിഫ്റ്റിൽ നാല് പേരുമാണ് എത്തുന്നത്.

18/05/2021 THIRUVALLA Pg 07

**NCC Cadets with Police**

NCC Cadets of St. Thomas College Ranni helped the Police in controlling traffic during lockdown period. It was a double shift programme from 8.30 to 12.30 and to 5.30 pm. Seven cadets from the College were in this gang. Capt. John M George, Havildar Vasudev, Cadets, A. Vinayak, P.V.Anandhu, Adithya Sunil kumar, S. Aparna, P.R.Aakash, Nathel A Thomas , Aleena Lijo were the cadets in the group.